بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ

# *Khuthba Summary* 11.04.14 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*11.04.14 ന് മസ്ജിദ് ബയ്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുആ ഖുത്ബയുടെ സംഗ്രഹം*

## ഖുത്ബ ഇൽഹാമിയ്യ; ഒരു അത്ഭുത ദൃഷ്ടാന്തം

*തശഹ്ഹുദും തഅവ്വുദും സൂറഫാതിഹ തിലാവത്തിനും ശേഷം സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽ-ഖാമിസ് അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:*

ഇന്നേ ദിവസം അതായത് 1900 ഏപ്രിൽ 11 ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യത്തിനായി വെളിപ്പെട്ട ഒരു ദൃഷ്ടാന്തത്തെ കുറിച്ചാണ് ഞാൻ പറയുന്നത്. അല്ലാഹുവിന്റെ പ്രത്യേകമായ സഹായത്താൽ അറബി ഭാഷയിൽ ചെയ്ത പ്രഭാഷണമാണിത്. വെളിപാടിലൂടെ ചെയ്യപ്പെട്ട ഈ പ്രഭാഷണം ഒരു അടയാളമായിരുന്നു. അതുകൊണ്ട് ഇതിന്റെ പേര് 'ഖുത്ബ ഇൽഹാമിയ്യ'എന്ന് വെക്കപ്പെട്ടു. വെളിപാടുപരമായ ഈ പ്രഭാഷണവും വെളിപാടിന്റെ ഈ അവസ്ഥയും ഇരുന്നൂറിന്നടുത്ത് ആളുകൾ കേട്ടു; കണ്ടു.

ഇന്നു ജുമുഅ യാണ്. ഇന്നത്തെ ദിവസത്തിന്റെ പ്രാധാന്യമനുസരിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മഹത്തായ അടയാളത്തെക്കുറിച്ച് പറയുന്നത് ഉചിതമായിരിക്കുമെന്ന് ആരോ എന്നോടു പറഞ്ഞിരുന്നു. ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതിനാൽ 'ഖുത്ബ ഇൽഹാമിയ്യ'എന്ന പേര് അറിയുന്നവരുണ്ടാകും. പക്ഷേ, അതിന്റെ ചരിത്രവും പശ്ചാത്തലവും അതിലടങ്ങിയിരിക്കുന്ന വിഷയവും അവർക്കറിവുണ്ടാകുകയില്ല. ചില അഹ്മദികൾക്ക് 'ഖുത്ബ ഇൽഹാമിയ്യ'എന്ന വസ്തു എന്താണെന്നറിയില്ല എന്നറിഞ്ഞപ്പോൾ എന്നേയും അത് അത്ഭുതപ്പെടുത്തി. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ പിന്തുണച്ചുകൊണ്ട് അല്ലാഹു കാണിച്ച അടയാളമാണിതെന്ന് ഓരോ അഹ്മദിയും ഓർത്തിരിക്കേണ്ടതാണ്. ഈ അടയാളം നമ്മുടെ ഈമാനിനെ ദൃഢപ്പെടുത്തുന്നതാണ്. അത് അഹ്മദിയ്യ ജമാഅത്തിന്റെ എതിരാളികളുടെ വായ അടപ്പിക്കാനുള്ള വിഷയങ്ങൾ നമുക്ക് സംഘടിപ്പിച്ചുതരുന്നു. പ്രത്യേകിച്ചും ഖുത്ബ ഇൽഹാമിയ്യ മഹത്തായ അടയാളങ്ങളിൽപെട്ട ഒരു അടയാളമാണ്. അത് വലിയ വലിയ ഉലമാക്കളുടെ വായ അടപ്പിച്ചു. ഞാൻ പറഞ്ഞതുപോലെ അതിന്റെ ചരിത്രവും പശ്ചാത്തലവും ഹ്രസ്വമായി വിവരിക്കുന്നതാണ്. അത് എങ്ങനെയാണ് നമ്മുടെ ആളുകളെ സ്വാധീനിച്ചതെന്നും അവർ അപ്പോൾ ഏതവസ്ഥയിലൂടെയാണ് കടന്നുപോയതെന്നും അന്യർ അതിനെക്കുറിച്ച് പറയുന്നതെന്താണെന്നും പറയുന്നതാണ്. ഇപ്രകാരംതന്നെ ഈ ഖുത്ബയുടെ ചില വരികളോ ചില ചെറിയ ഉദ്ധരണങ്ങളോ കേൾപ്പിക്കുന്നതുമാണ്.

വെളിപാടിലൂടെ ചെയ്ത ഈ ഖുത്ബയുടെ യഥാർഥ അവസ്ഥയും മഹത്ത്വവും അത് പാരായണം ചെയ്യുമ്പോഴാണ് മനസ്സിലാകുന്നത്. ഞാൻ വായിക്കാൻ തിരഞ്ഞെടുത്തിട്ടുള്ള ചില വാക്യങ്ങളിൽ നിന്നും അതിന്റെ മഹത്ത്വവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്ഥാനവും നിലയും മനസ്സിലാകുന്നതാണ്. പ്രത്യേകം ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിച്ചതുകൊണ്ടാണ് അത് 'തദ്ക്കിറ' യിൽ ഉൾപ്പെടുത്താതിരുന്നത്. പക്ഷേ, എനിക്ക് ഇതുസംബന്ധമായി അല്പം സംരക്ഷണം നല്കേണ്ടതുണ്ട്. അതുകൊണ്ട് ഇനി 'തദ്ക്കിറ' പ്രസിദ്ധീകരിക്കുമ്പോൾ ബന്ധപ്പെട്ട വകുപ്പ് ഇതു സംബന്ധമായി എന്നോടു ചോദിക്കുക. ഇനി ഏതു എഡിഷൻ പ്രസിദ്ധീകരിച്ചാലും ഏതു ഭാഷയിൽ പ്രസിദ്ധീകരിച്ചാലും എന്നോടു ചോദിക്കേണ്ടതാണ്. അതിന്റെ പശ്ചാത്തലം ഇതാണ്.

അറഫ ദിനത്തിന് അതായത് വലിയപെരുന്നാളിന് ഒരു ദിവസം മുമ്പേ അതിരാവിലെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു കത്തു മുഖേന ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബിനെ അറിയിച്ചു: 'ഞാൻ ഇന്നത്തെ പകലും രാത്രിയുടെ കുറച്ചുഭാഗവും എനിക്കും എന്റെ സ്നേഹിതന്മാർക്കും വേണ്ടി ദുആയിൽ കഴിച്ചുകൂട്ടാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഇവിടെയുള്ള സ്നേഹിതന്മാർ തങ്ങളുടെ പേരും താമസസ്ഥലവും എഴുതി എനിക്കുതരിക. ദുആ ചെയ്യുമ്പോൾ അവരെക്കുറിച്ച് ഓർമവരാനാണിത്." ഈ നിർദേശമനുസരിച്ച് സ്നേഹിതന്മാരുടെ ഒരു ലിസ്റ്റ് ക്രമപ്പെടുത്തി ഹുദൂറിന് കൊടുത്തു. മഗ്രിബ് ഇശാ നമസ്ക്കാരത്തിനു ശേഷം 'ഇന്നത്തെ പകലും രാത്രിയുടെ ചില ഭാഗങ്ങളും ദുആയിൽ കഴിച്ചുകൂട്ടുമെന്ന് അല്ലാഹുവിനോട് ഞാൻ വാഗ്ദാനം ചെയ്തുകഴിഞ്ഞിരിക്കുകയാണ്. അതിനാൽ, വാഗ്ദാന ലംഘനമുണ്ടാകരുതെന്ന് കരുതി ഞാൻ പോകുകയാണ്'എന്നു പറഞ്ഞ് ഹുദൂർ അവിടെനിന്ന് പോയി. ദുആയിൽ മുഴുകി. രണ്ടാം നാൾ പെരുന്നാൾ ദിവസം മൗലവി അബ്ദുൽ കരീം സാഹിബ് അകത്ത് ചെന്ന് ഇന്ന് പ്രസംഗിക്കണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പ്രത്യേകം അപേക്ഷിച്ചു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'അല്ലാഹുതന്നെ കല്പിച്ചിരിക്കുന്നു.'പിന്നീടു പറഞ്ഞു: 'ജനക്കൂട്ടത്തിൽ കുറച്ച് അറബി വാക്യങ്ങൾ വായിക്കാൻ രാത്രിയിൽ വെളിപാടുണ്ടായി. ഞാൻ മറ്റൊരു ജനക്കൂട്ടമാണ് മനസ്സിലാക്കിയിരുന്നത്. ഒരുപക്ഷേ, പെരുന്നാളിന്റെ ഈ ജനക്കൂട്ടമാകും.'

ഇങ്ങനേയും റിപ്പോർട്ടിൽ വന്നിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) അറബി ഭാഷണം നടത്താൻ തയ്യാറായപ്പോൾ

അടുത്ത് വന്നിരുന്ന് അതെഴുതി രേഖപ്പെടുത്താൻ ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബിനോടും ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനോടും (റ) കല്പിച്ചു. മൗലവിമാർ തയ്യാറായപ്പോൾ "യാ ഇബാദില്ലാഹ്" എന്നു വാക്കുകൊണ്ട് അറബിഭാഷണം തുടങ്ങി. പ്രഭാഷണത്തിന്നിടയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനേയും പറഞ്ഞു, 'ഇപ്പോൾ എഴുതുക, പിന്നീട് ഈ പദം ഓർമ ഉണ്ടാകുകയില്ല.' അതായത് ഒപ്പത്തിനൊപ്പം എഴുതിയെടുത്തുകൊള്ളുക. ഏതെങ്കിലും വാക്കുകൾ മനസ്സിലാകുന്നില്ലെങ്കിൽ ഉടനെ ചോദിക്കുക.' പ്രഭാഷണത്തിനു ശേഷം ഹുദൂർ ഇരുന്നപ്പോൾ അധികമാളുകളുടേയും അപേക്ഷ മാനിച്ച് മൗലാനാ അബ്ദുൽകരീം സാഹിബ് (റ) തർജമ കേൾപിക്കാൻ എഴുന്നേറ്റു നിന്നു. അതു തുടങ്ങുന്നതിനു മുമ്പേ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, 'ഒരു ചിന്തയും ഒരു ആലോചനയും കൂടാതെ അറബി ഭാഷയിൽ ഞാൻ പ്രഭാഷണം നടത്തിയാൽ അറഫ ദിനത്തിലും ഈദിന്റെ രാത്രിയും ചെയ്ത ദുആകളെല്ലാം സ്വീകരിക്കപ്പെട്ടതായി മനസ്സിലാക്കപ്പെടുന്നതാണ്. അൽഹംദുലില്ലാഹ് ആ എല്ലാ ദുആകളും അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് സ്വീകരിക്കപ്പെട്ടിരിക്കുന്നു.' അതിനുശേഷം ഉർദു തർജമ കേൾപിക്കാൻ തുടങ്ങി. ഹദ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബ്(റ) തർജമ കേൾപിച്ചുകൊണ്ടിരിക്കെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ആവേശഭരിതനായി അല്ലാഹുവിന് നന്ദി പ്രകടിപ്പിച്ച് സുജൂദിൽ വീണു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടൊപ്പം എല്ലാവരും അല്ലാഹുവിന് നന്ദി പ്രകടിപ്പിച്ച് സാഷ്ടാംഗം പ്രണമിച്ചു. സുജൂദിൽ നിന്ന് തല ഉയർത്തിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു, ചെമന്ന അക്ഷരത്തിൽ 'മുബാറക്' എന്നെഴുതിയിരിക്കുന്നതായി ഇപ്പോൾ ഞാൻ കണ്ടു. ഇത് സ്വീകാര്യതയുടെ അടയാളമാണ്.'

ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലാഹ് പറഞ്ഞു: ഈ ഖുത്ബയെ സംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ താരീഖെ അഹ്മദിയ്യത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ഖുത്ബ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ വലിയൊരു വൈജ്ഞാനിക ദൃഷ്ടാന്തമായിരുന്നു. അതിന്റെ പ്രത്യേക പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ഖുദ്ദാമിനോട് അത് മനഃപാഠമാക്കാൻ നിർദേശിച്ചു. അങ്ങനെ സ്വൂഫി ഗുലാം മുഹമ്മദ് സാഹിബ്, ഹദ്റത്ത് മീർ മുഹമ്മദ് ഇസ്മായീൽ സാഹിബ്, ഹദ്റത്ത് മുഫ്തീ മുഹമ്മദ് സ്വാദിഖ് സാഹിബ്, മൗലവി മുഹമ്മദ് അലി സാഹിബ് എന്നിവർക്കു പുറമെ മറ്റു സ്വഹാബാക്കളും അത് മനഃപാഠമാക്കി. എന്നല്ല അവസാനം പറഞ്ഞ രണ്ടുപേർ മസ്ജിദ് മുബാറക്കിന്റെ ടെറസിൽ മഗ്രിബിനും ഇശായ്ക്കുമിടയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മജ്ലിസിലും അത് കാണാതെ കേൾപിച്ചു.

സാഹിത്യത്തോട് അങ്ങേയറ്റത്തെ താൽപര്യമുണ്ടായിരുന്ന ഹദ്റത്ത് മൗലവി അബ്ദുൽകരീം സാഹിബ് ഈ ഖുത്ബയിൽ എത്ര മാത്രം അനുരക്തനായി എന്നു പറഞ്ഞാൽ, മിക്കപ്പോഴും അദ്ദേഹമത് കേൾപിച്ചുകൊണ്ടേയിരുന്നു. അതിലെ ചില വാക്യങ്ങൾ വായിക്കുമ്പോൾ ആത്മീയ ലഹരിയിൽ അദ്ദേഹം ഉന്മത്തനാകാറുണ്ടായിരുന്നു. മൗലവി സാഹിബിനെപ്പോലുള്ള ഉന്നത മതപണ്ഡിതന് ഖുത്ബ ഇൽഹാമിയ്യായുടെ അമാനുഷിക വചനങ്ങളിൽ ആത്മീയ ലഹരിപ്രാപിച്ച് ഉന്മത്തനാകുക എന്നത് സ്വാഭാവികം മാത്രം. ഈ പ്രസംഗം കേട്ടിരുന്ന കുട്ടികളും അതിന്റെ ആകർഷണത്തിൽനിന്നും വശീകരണത്തിൽനിന്നും ഒഴിവായിരുന്നില്ല എന്നതാണ് വിസ്മയകരമായ കാര്യം. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) പറയുന്നു: 'ഈ പ്രസംഗം ചെയ്യപ്പെട്ട ദിവസം അസ്തമിക്കുന്നതിനു മുമ്പേ 12 വയസ്സിന് താഴെ പ്രായമുള്ള ചെറിയ ചെറിയ കുട്ടികൾ ഖാദിയാനിലെ ഇടവഴികളിലൂടെ ഇതിലെ വാക്യങ്ങൾ ആവർത്തിച്ചുകൊണ്ട് നടന്നിരുന്നു. അതൊരു അസാധാരണ സംഭവം തന്നെയായിരുന്നു. ഈ ഖുത്ബ 1901 ൽ പ്രസിദ്ധീകരിക്കപ്പെട്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ) വളരെ സൂക്ഷ്മതയോടെ എഴുത്തുകാരനെക്കൊണ്ട് അതെഴുതിച്ചു.ഫാർസിയിലും ഉർദുവിലും തർജമയും സ്വന്തം തന്നെ ചെയ്തു. ഹർക്കത്തുകളും(ചിഹ്നങ്ങൾ) സ്വന്തമായിത്തന്നെ ഇട്ടു. ഇൽഹാമിയായിട്ടുള്ള (വെളിപാടുപരമായിട്ടുള്ള) പ്രഭാഷണം ഖുത്ബ ഇൽഹാമിയ്യ എന്ന ഗ്രന്ഥത്തിന്റെ 38-ാംപേജിൽ അവസാനിക്കുന്നു. അത് ഗ്രന്ഥത്തിന്റെ ഒന്നാം അധ്യായത്തിലാണുള്ളത്. അടുത്തഭാഗം അവസാനം വരെ സാധാരണ നിലയിലുള്ള രചനയാണ്. അത് പിന്നീടു ഹദ്റത്ത് മസീഹ് മൗഊദ്(അ)വർധിപ്പിച്ചതാണ്. മുഴുവൻ ഗ്രന്ഥത്തിന്റേയും പേര് ഖുത്ബ ഇൽഹാമിയ്യ എന്ന് വെക്കപ്പെട്ടിരിക്കുന്നു. അതായത് ആദ്യഭാഗം ഇൽഹാമിന്റെ അടിസ്ഥാനത്തിലുള്ള ഖുത്ബയാണ്. ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചപ്പോൾ വലിയ വലിയ അറബി ഭാഷാ വിദഗ്ദ്ധർ അതിന്റെ അതുല്യതയും മഹത്തായ യാഥാർഥ്യങ്ങളും ദൈവജ്ഞാനങ്ങളും വായിച്ച് അത്ഭുതപ്പെട്ടു. സത്യമെന്താണെന്നുവച്ചാൽ വിശുദ്ധഖുർആനുശേഷം മുഹമ്മദീ മസീഹിന്റെ ഈ വൈജ്ഞാനിക ദൃഷ്ടാന്തത്തിന് തുല്യമായി മറ്റൊന്നും കിട്ടുകയില്ല. ഈ ഖുത്ബ ഇൽഹാമിയ്യായെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് രണ്ടു സ്വപ്നങ്ങളുണ്ടായി. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ അനുഗൃഹീത തൂലികകൊണ്ട് സ്വന്തം എഴുതീട്ടുള്ളതാണ്. അത് തദ്ക്കിറയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1900 ഏപ്രിൽ 19 ന്റെ തിയതി എഴുതിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) മിയാ അബ്ദുല്ലാഹ് സന്നൗരി കണ്ട താഴെ കാണുന്ന സ്വപ്നം രേഖപ്പെടുത്തിയിരിക്കുന്നു. മിയാ അബ്ദുല്ലാഹ് സന്നൗരി പറയുന്നു: 'സന്നൗറിലെ മുൻശീ ഗുലാം ഖാദിർ മർഹൂം ഇവിടെ വന്നു. അദ്ദേഹത്തോടു ഇദ്ദേഹം ചോദിച്ചു, ആ സമ്മേളനത്തെ കുറിച്ച് അവിടന്നുള്ള വിവരം പറയുക. എന്താണ് സംസാരമെന്ന്. അപ്പോൾ അദ്ദേഹം മറുപടി പറഞ്ഞു, മുകളിൽ വലിയ ബഹളമുണ്ടായിക്കൊണ്ടിരിക്കുന്നു.' ഈ സ്വപ്നം സയ്യിദ് അമീർ അലി ശാഹ് സാഹിബിന്റെ സ്വപ്നവുമായി വളരെയേറെ സാദൃശ്യമുള്ളതാണ്. കാരണം അദ്ദേഹം കണ്ടിരുന്നു, പെരുന്നാൾ ദിവസം അറബി ഖുത്ബ കൊടുത്തുകൊണ്ടിരിക്കുന്ന നേരത്ത് ജനാബ് റസൂലുല്ലാഹി (സ) മും ഹദ്റത്ത് ഈസാ(അ)യും ഹദ്റത്ത് മൂസാ(അ)യും ഹദ്റത്ത് ഖിള്ർ(അ)വും അവിടെ ഉണ്ടായിരുന്നു. അവർ ഈ ഖുത്ബ കേൾക്കുകയായിരുന്നു. ഈ സ്വപ്നം ഖുത്ബ ഓതിക്കൊണ്ടിരിക്കുന്ന നേരത്തുതന്നെ കശ്ഫ് എന്നനില

യിൽ അവിടെ ഇരുന്നുകൊണ്ട് അദ്ദേഹത്തിന് മനസ്സിലായിരുന്നു.'

### ചില സ്വഹാബിമാരുടെ പ്രതികരണങ്ങൾ:

ഹദ്റത്ത് ഹാഫിസ് അബ്ദുൽഅലിയ്യ് സാഹിബ് പറയുന്നു. ഖുത്ബ ഇൽഹാമിയ്യ നടക്കുന്ന സമയത്ത് ഞാൻ അവിടെ ഉണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശബ്ദം ആ സമയത്ത് തികച്ചും വിഭിന്നമായിരുന്നു. സിയാൽക്കോട്ടു ജില്ലയിലെ സയ്യിദ് സാഹിബ് എന്റെ അടുത്ത് ഇരിപ്പുണ്ടായിരുന്നു. (അദ്ദേഹത്തിന് ഇൽഹാം ഉണ്ടാകുമായിരുന്നു. അഹ്മദിയായിരുന്നു)അദ്ദേഹം എന്നോടു പറഞ്ഞു, 'മലക്കുകളും കേൾക്കാൻ എത്തിയിട്ടുണ്ട്.'

ഹദ്റത്ത് മിയാ അമീറുദ്ദീൻ സാഹിബ് പറയുന്നു,'ഹദ്റത്ത് സാഹിബ് ഖുത്ബ ഇൽഹാമിയ്യ നിർവഹിച്ചതിനുശേഷം പുറത്തിറങ്ങി. വഴിയിൽവച്ചു പറഞ്ഞു, 'ഞാനൊരു വാക്യം പറഞ്ഞുകൊണ്ടിരിക്കുമ്പോൾ അടുത്ത വാക്യം എന്തായിരിക്കുമെന്ന് എനിക്കറിയില്ലായിരുന്നു. എഴുതപ്പെട്ട വാക്യങ്ങൾ മുന്നിൽ വന്നുകൊണ്ടിരുന്നു, ഞാനത് വായിച്ചുകൊടുത്തുകൊണ്ടിരുന്നു.' ഹുദൂർ നിറുത്തി നിറുത്തിയും മെല്ലെ മെല്ലെയുമായിരുന്നു പ്രസംഗിച്ചിരുന്നത്.'

ഹദ്റത്ത് മൗലവി അബ്ദുല്ലാഹ് സാഹിബ് ബട്ടാലവി എഴുതുന്നു: 'അറേബ്യയിൽനിന്ന് സത്യമന്വേഷിച്ചു വന്ന് ഖാദിയാനിൽ കുറെ ദിവസങ്ങളായി താമസിച്ചു വരുന്ന ആളായിരുന്നു സയ്യിദ് അബ്ദുൽ ഹയ്യ് സാഹിബ് അറബ്. പിന്നീട് അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തു. അദ്ദേഹം എന്നോട് താൻ ബയ്അത്ത് ചെയ്തപ്പോഴുണ്ടായ അവസ്ഥ ഇങ്ങനെ വിവരിച്ചു. 'ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സാഹിത്യസമ്പുഷ്ഠമായ ഗ്രന്ഥങ്ങൾ വായിച്ച് മനസ്സിൽ, ഇത്തരം ഗ്രന്ഥങ്ങൾ രചിക്കാൻ അല്ലാഹുവിന്റെ സഹായമില്ലാത്ത ഒരാൾക്ക് കഴിയുകയില്ലെന്ന വിശ്വാസക്കാരനായി കഴിഞ്ഞിരുന്നു. പക്ഷേ, അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ തന്നെയാണ് എന്ന് എനിക്ക് വിശ്വാസം വന്നിരുന്നില്ല. ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബും മറ്റു ഉലമാക്കളും അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ തന്നെയാണെന്ന് പറയുകയും തെളിവുകൾ നല്കുകയും ചെയ്തിരുന്നു. പക്ഷേ, അവരുടെ വിശദീകരണത്തിന് എന്റെ സംശയം ദൂരീകരിക്കാൻ കഴിഞ്ഞില്ല. ഞാൻ വിവിധ മാർഗങ്ങളിലൂടെ മറ്റുള്ളവരുടെ സഹായമൊന്നുമില്ലാതെ ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്നെ രചിച്ചതാണോ ഈ കൃതികൾ എന്നറിയാൻ തെളിവുകൾ സംഘടിപ്പിച്ചുകൊണ്ടിരുന്നു. അങ്ങനെ ഞാൻ അറബിയിൽ ചില കത്തുകൾ ഹുദൂറിന് എഴുതീട്ട് അതിനുള്ള മറുപടി അറബിയിൽതന്നെ വാങ്ങുകയും പിന്നീട് ഹുദൂറിന്റെ ഗ്രന്ഥങ്ങളുമായി അത് തട്ടിച്ചു നോക്കുകയും ചെയ്തു. അത് രണ്ടും ഒന്നാണോ എന്നറിയാനാണ് അങ്ങനെ ചെയ്തിരുന്നത്. എനിക്കതിൽ അല്പസ്വല്പം വ്യത്യാസമൊക്കെ കാണാൻ കഴിഞ്ഞു. അതിന് എനിക്കുകിട്ടിയ മറുപടി ഇപ്രകാരമായിരുന്നു, 'ഹദ്റത്ത് അഖ്ദസിന്റെ കത്തുകൾക്കും മറ്റും മറുപടി നല്കുന്ന പൊതുവായ എഴുത്തുകളിൽ അമാനുഷിക നിറവും പ്രത്യേകമായ ദൈവസഹായവും ഉണ്ടാകുകയില്ല. കാരണം അറബി ഗ്രന്ഥങ്ങൾ ഹദ്റത്ത് സാഹിബ് ഏകോപനപരമായ നിലയിൽ അല്ലാഹുവിന്റെ ഇച്ഛയ്ക്കും കല്പനയ്ക്കും വിധേയമായി അവന്റെ പ്രത്യേക സഹായത്താൽ എഴുതീട്ടുള്ളതാണ്. അതുകൊണ്ട് അതിന്റെ വർണം വ്യത്യസ്തമാണ്. വ്യത്യസ്തമാകേണ്ടതുമാണ്. ഇല്ലെങ്കിൽ പൊതുവെയുള്ളതും പ്രത്യേകമായ ദൈവസഹായത്താൽ എഴുതീട്ടുള്ളതും തമ്മിൽ ഒരു വ്യത്യാസവും ഉണ്ടാകുകയില്ല. എന്തായാലും ഞാനും ഇത്തരം ഏതെങ്കിലും ദൈവസഹായം ഇറങ്ങുമ്പോൾ സ്വയം അത് നേരിൽ കാണുന്നതിനുവേണ്ടിയാണ് ഖാദിയാനിൽ സത്യാന്വേഷി എന്ന നിലയിൽ താമസിച്ചത്. അങ്ങനെ ഖുത്ബ ഇൽഹാമിയ്യ ഇറങ്ങേണ്ടുന്ന സമയം വന്നെത്തി. ഞാൻ നേരിട്ട് എന്റെ കണ്ണുകൊണ്ട് വെളിപാടുപരവും അമാനുഷികവുമായ ഗ്രന്ഥത്തിന്റെ ഇറക്കം കാണുകയും നേരിട്ട് ചെവികൊണ്ട് കേൾക്കുകയും ചെയ്തു. പരസഹായമില്ലാതെ എങ്ങനെയാണ് ആ മനുഷ്യൻ പകൽ വെളിച്ചത്തിൽ എല്ലാ ആളുകളുടേയും മുന്നിൽ ഇത്തരം സാഹിത്യസമ്പുഷ്ഠമായ വചനങ്ങൾ കേൾപിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ആ ഖുത്ബ കേട്ടതിനുശേഷം പൂർണമനസ്സോടെ ഞാൻ ബയ്അത്ത് ചെയ്തു.'

ഇനി ഞാൻ ഖുത്ബ ഇൽഹാമിയായിലെ ചില ഉദ്ധരണങ്ങൾ കേൾപിക്കാം. അതിന്റെ മഹത്വത്തെ കുറിച്ച് അല്പം ധാരണ നിങ്ങൾക്കുണ്ടാകുന്നതിനുവേണ്ടിയാണ് ഇതു കേൾപിക്കുന്നത്. യാഥാർഥ്യം അറിയണമെങ്കിൽ ഗ്രന്ഥം മുഴുവനും വായിക്കണം. ഹദ്റത്ത് മസീഹ് മൗഊദ്(അ)അറബി ഭാഷയിൽ പറഞ്ഞു:

ايها الناس اني انا المسيح المحمدي و اني انا احمد المهدي
و ان ربي معي الي يوم لحدي من يوم مهدي و اني اعطيت ضراما
اكالا و ماء زلالا و انا كوكب يماني ووابل روحاني ايذاءي
سنان مذرب و دعاءي دواء مجرب اري قوما جلالا و قوما اٰخرين
جمالا وبيدي حربة ابيد بها عادات الظلم والذنوب وفي الاخرٰى
شربة اعيد بها حيا ت القلوب

"അല്ലയോ ജനങ്ങളേ! ഞാൻ മുഹമ്മദീ പരമ്പരയിൽനിന്നുള്ള മസീഹ് ആകുന്നു. ഞാൻ അഹ് മദ് മഹ്ദിയാകുന്നു. സത്യമായും എന്റെ നാഥൻ എന്റെ കുട്ടിക്കാലം മുതൽ എന്റെ ഖബ്റുവരെ എന്നോടൊപ്പമുണ്ട്. കാർന്നുതിന്നുന്ന അഗ്നിയും മാധുര്യമേറിയ ജലവും എനിക്കു ലഭിച്ചിട്ടുണ്ട്. ഞാൻ യമനീ നക്ഷത്രമാകുന്നു. ആത്മീയ വർഷമാകുന്നു. എന്നെ വിഷമിപ്പിക്കുന്നത് മൂർച്ചയേറിയ അമ്പാകുന്നു. എന്റെ ദുആ പരീക്ഷിക്കപ്പെട്ട ഔഷധമാകുന്നു. ഒരു സമുദായത്തിന് ഞാനെന്റെ പ്രതാപം കാണിക്കുമ്പോൾ മറ്റൊരു സമുദായത്തിന് ഞാൻ സൗന്ദര്യം കാണിക്കുന്നു. എന്റെ കൈയിൽ ആയുധമുണ്ട്. അതു മുഖേന ഞാൻ അക്രമത്തിന്റേയും തിന്മകളുടേയും ശീലങ്ങളെ നശിപ്പിക്കുന്നു. മറ്റേ കൈയിൽ ശർബ്ബത്തുണ്ട്. അതു മുഖേന ഞാൻ ഹൃദയങ്ങളെ പുനരുജ്ജീവിപ്പിക്കുന്നു."

ايهاالناس قوموا لله زرافات و فرادٰى ثم اتقوا الله و فكروا كالذي
ما بخل وما عادٰى اليس هذا الوقت وقت رحم الله على العباد
ووقت دفع الشر و تدارك عطش الاكبادبالعهاد اليس سيل اشر

قَدْ بلَغَ انْتهاءَه و ذَيلُ الْجهْلِ طوَّل ارْجاءَه و فسد الْمُلْكُ كلُّه و شكر ابْليسُ جُهْلاءَه فاشْكُرُوا اللّٰه الَّذي تذكّركُمْ و تذكّر ديْنكُمْ وما اضاعهُ و عصمَ حرْثكُمْ و زرْعكُمْ ولعاعهُ وانْزل الْمطرواكْمل ابْضاعهُ و بعث مسيْحهُ لدفْعِ الضَّيْرومهْديهُ لافاضة الْخيْروادْخلكُمْ فىْ زمانِ امامكُمْ
بعْد زمانِ الْغيْر

വീണ്ടും പറയുന്നു: "അല്ലയോ ജനങ്ങളേ! അല്ലാഹുവിനുവേണ്ടി നിങ്ങൾ ഒന്നിച്ചൊന്നിച്ചായിട്ടോ ഒറ്റക്കൊറ്റക്കായിട്ടോ അവനെ ഭയന്നുകൊണ്ട് ലുബ്ധും ശത്രുതയും കാണിക്കാത്തവരെപ്പോലെ ചിന്തിക്കുക. ഇത് അല്ലാഹു മനുഷ്യരിൽ കരുണചൊരിയേണ്ട കാലമല്ലേ? തിന്മയെ അകറ്റുകയും കരളിന്റെ ദാഹത്തിന്റെ മഴ വർഷിക്കുന്നതിനെ ഉപേക്ഷിക്കുകയും ചെയ്യേണ്ട കാലഘട്ടമല്ലേ ഇത്? തിന്മയുടെ പ്രളയം അതിന്റെ പരമമായ സീമയിലെത്തിയില്ലേ? അജ്ഞതയുടെ കോന്തല അതിന്റെ പാർശ്വങ്ങളെ വിശാലമാക്കിയില്ലേ? രാജ്യം ദുഷിച്ചിരിക്കുന്നു. പിശാച് വിഡ്ഢികൾക്ക് നന്ദി പറയുന്നു. അതിനാൽ, നിങ്ങളെ സ്മരിക്കുകയും നിങ്ങളുടെ ദീനിനെ സ്മരിക്കുകയും അതിനെ പാഴായിപ്പോകുന്നതിൽ നിന്ന് സംരക്ഷിക്കുകയും ചെയ്ത ദൈവത്തിന് നന്ദി പറയുക. നിങ്ങൾ വിതച്ചതിനേയും നിങ്ങളുടെ കൃഷിയേയും ആപത്തുകളിൽ നിന്ന് രക്ഷിച്ചു. മഴ ഇറക്കി. അതിന്റെ മൂലധനത്തെ പൂർണമാക്കി. തന്റെ മസീഹിനെ നാശത്തെ അകറ്റുന്നതിനും തന്റെ മഹ്ദിയെ നന്മയും ഗുണവും എത്തിക്കുന്നതിനുമായി അയച്ചു."

و انّي علىٰ مُقامِ الْختْمِ من الْولاية كما كان سيّدىالْمصْطفى على مُقامِ الْختْمِ من النُّبوّة و انّه خاتمُ الانْبياء و انا خاتمُ الْأولياء لا ولي بعْدي الاالّذي هو منّي وعلى عهْدي و انّي ارْسلْتُ من ربّي بكلّ قوّة و بركة وعزّة وانّ قدمي هذه على منارة خُتم عليْها كلُّ رفْعة فاتّقُوا اللّٰه ايها الْفتْيان و اعْرفُوني و اطيْعُوني ولا تمُوتُوا بالْعصْيان وقدقرب الزّمان
و حان انْ تسْئل كلُّ نفْسٍ و تدان

വീണ്ടും ഹദ്റത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഞാൻ വിലായത്തിന്റെ പരമ്പരയെ അവസാനിപ്പിക്കുന്നവനാകുന്നു; നമ്മുടെ സയ്യിദായ നബി(സ) തിരുമേനി നുബുവ്വത്തിന്റെ പരമ്പരയെ അവസാനിപ്പിക്കുന്നവനായിത്തീരുന്നതുപോലെ. ആ മഹാത്മാവ് ഖാത്തമുൽ അമ്പിയാ ആകുന്നു. ഞാൻ ഖാത്തമുൽ ഔലിയ ആകുന്നു. എനിക്കുശേഷം എന്നിൽ നിന്നുള്ളവനും എന്റെ കരാറിൽ നിലനില്ക്കുന്നവനുമായിട്ടല്ലാത്ത ഒരു ഒലിയും വരുന്നതല്ല. ഞാൻ എന്റെ അല്ലാഹുവിൽനിന്ന് എല്ലാ ശക്തിയോടും അനുഗ്രഹത്തോടും ആദരവോടുംകൂടി അയക്കപ്പെട്ടിരിക്കുന്നു. എല്ലാ ഉന്നതിയും അവസാനിപ്പിക്കപ്പെട്ട മിനാരത്തിന്റെ മുകളിലാണ് എന്റെ പാദമുള്ളത്. അതുകൊണ്ട് അല്ലാഹുവിനെ ഭയപ്പെടുക. അല്ലയോ യോദ്ധാക്കളേ! എന്നെ തിരിച്ചറിയുക. ധിക്കാരം കാണിക്കാതിരിക്കുക. ധിക്കാരവുമായിട്ട് മരിക്കാതിരിക്കുക. കാലഘട്ടം അടുത്തുവന്നിരിക്കുകയാണ്. ഓരോ ജീവനും അത് ചെയ്തതിനെ സംബന്ധിച്ച് ചോദിക്കപ്പെടുകയും പ്രതിഫലം കൊടുക്കുകയും ചെയ്യുന്ന കാലവും സമീപസ്ഥമായിരിക്കുന്നു."

ഇതാണ് മഹത്തായ ആ ദൃഷ്ടാന്തം. അല്ലാഹുവിന്റെ കല്പനയാൽ ആമഹാത്മാവ് നല്കിയ മഹത്തരമായ വാക്കുകളിലുള്ള ക്ഷണമാണിത്. അല്ലാഹുവിന്റെ വെളിപാടു മുഖേന ആ ധന്യാത്മാവ് ലോകരെ ക്ഷണിച്ചു. ഞാൻ പറഞ്ഞതുപോലെ ഈ ദൃഷ്ടാന്തം വെളിപ്പെട്ടത് 1900 ഏപ്രിൽ 11 നാണ്. ഇന്നേവരെ ഈ ദൃഷ്ടാന്തം അതിന്റെ തിളക്കം കാണിച്ചുകൊണ്ടിരിക്കുന്നു. ഇന്നേവരെ ഒരു ഭാഷാവിദഗ്ദ്ധരിൽ വിദഗ്ദ്ധനും വലിയവരിൽ വലിയവനായ മതപണ്ഡിതനും സാഹിത്യകാരനും അയാൾ അറബി ആയാലും വേണ്ടില്ല അതിനെ നേരിടാൻ കഴിഞ്ഞിട്ടില്ല. എങ്ങനെയാണ് അവർക്ക് നേരിടാൻ കഴിയുക. ഇത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നാവിലൂടെ വെളിപ്പെട്ട അല്ലാഹുവിന്റെ വചനങ്ങളായിരുന്നു. അല്ലാഹു ലോകത്തിന് പ്രത്യേകിച്ച് അറേബ്യൻ മുസ്‌ലീംകൾക്ക് അവന്റെ സന്ദേശവാഹകന്റെ സന്ദേശത്തെ മനസ്സിലാക്കാനും മുസ്‌ലിം സമുദായത്തെ ഇന്ന് വീണ്ടും ഏക സമുദായമാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനത്തിൽ നബി (സ) തിരുമേനിയുടെ സത്യസന്ധനായ ദാസനെ സഹായിക്കുന്നവരായിത്തീരാനുമുള്ള ബുദ്ധിയും തന്റേടവും നല്കുമാറാകട്ടെ. അല്ലാഹു നമുക്ക് നമ്മുടെ ഉത്തരവാദിത്വം നിറവേറ്റാനും സൗഭാഗ്യം നല്കുമാറാകട്ടെ.


Friday Sermon delivered by **Hadrath Khaleefathul Masih Alkhamis (atba)**
at Masjid Baithul Futhuh,London – on 11.04.14
Summarized by Nazarath Nashr-O-Isha'ath, Qadian
Malayalam Translation : Mau.Muhammad Ismail Alleppey For Malayalam Desk,Qadian.



If Undelivered Please Return To
Nazarath Nashr-O-Isha'ath,
Sadr Anjuman Ahmadiyya
Qadian, 143516,
Gurdaspur-Dt, Punjab-St


To